

?

# കൊറോണ വൈറസ് നാം അറിയേണ്ടതെല്ലാം

**ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) തൃശൂർ**
**ആരോഗ്യകേരളം, തൃശൂർ**

1. **എന്താണ് കൊറോണ വൈറസ് രോഗബാധ?**

   ആർ.എൻ.എ. വിഭാഗത്തിൽപ്പെടുന്ന കൊറോണ വൈറസ് മൂലമുണ്ടാകുന്ന പകർച്ചവ്യാധിയാണ് കൊറോണ വൈറസ് രോഗം.

2. **ഈ രോഗത്തിന്റെ ലക്ഷണങ്ങൾ എന്തെല്ലാം?**

   പനി, കടുത്ത ചുമ, ജലദോഷം, തൊണ്ടവേദന, ശ്വാസതടസ്സം, അസാധാരണമായ ക്ഷീണം എന്നിവയാണ് പ്രധാന പ്രാഥമിക രോഗലക്ഷണങ്ങൾ.

3. **രോഗം പകരുന്നതെങ്ങിനെ?**

   ഇത് ഒരു വായുജന്യ രോഗമാണ്. രോഗബാധയുള്ളവരിൽ നിന്നും തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും ചിതറി തെറിക്കുന്ന ഉമിനീർ കണങ്ങൾ വഴിയോ സ്രവങ്ങൾ വഴിയോ രോഗം പകരാം.

4. **രോഗ സാദ്ധ്യത കൂടുതലുള്ളവർ ആരെല്ലാം?**

   രോഗബാധിതരുമായോ, പക്ഷിമൃഗാദികളുമായോ അടുത്ത സമ്പർക്കം പുലർത്തുന്നവർക്ക് രോഗം പിടിപെടാൻ സാദ്ധ്യത ഏറെയാണ്.

5. **രോഗനിർണ്ണയം നടത്തുന്നത് എങ്ങനെ?**

   രോഗലക്ഷണങ്ങൾ ഉള്ളവരുടെ തൊണ്ടയിൽ നിന്നുള്ള സ്രവം, മൂത്രം, രക്തം, കഫം എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ലാബിൽ RT - PCR, NAAT ടെസ്റ്റ് നടത്തിയാണ് രോഗനിർണ്ണയം നടത്തുന്നത്.

6. **ആരൊക്കെയാണ് പരിശോധനയ്ക്കു വിധേയരാകേണ്ടത്?**
കൊറോണ രോഗബാധയുള്ള രാജ്യങ്ങളിൽ നിന്നും എത്തിയവരിൽ രോഗലക്ഷണങ്ങൾ ഉള്ളവരാണ് പരിശോധനയ്ക്കു വിധേയരാകേണ്ടത്. രോഗലക്ഷണങ്ങൾ ഇല്ലെങ്കിലും ജില്ലയിൽ എത്തിയ ഉടൻ നിർബന്ധമായും ആരോഗ്യകേന്ദ്രങ്ങളിൽ വിവരം അറിയിക്കേണ്ടതും 28 ദിവസം പൊതുജന സമ്പർക്കമില്ലാതെ വീടുകളിൽ കഴിയേണ്ടതുമാണ്.

7. **ഈ രോഗത്തിനുള്ള ചികിത്സ എന്താണ്?**
രോഗ ലക്ഷണങ്ങൾക്കനുസരിച്ച് രോഗ തീവ്രത കുറയ്ക്കുന്നതിനുള്ള സഹായക ചികിത്സയാണ് നൽകുന്നത്.

8. **എന്തൊക്കെ മുൻകരുതലുകൾ എടുക്കണം?**

- തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും തൂവാല ഉപയോഗിച്ച് വായും മൂക്കും മൂടുക.
- കൈകൾ 20 സെക്കന്റ് സോപ്പ് വെള്ളം ഉപയോഗിച്ച് ഇടക്കിടെ കഴുകുക.
- രോഗലക്ഷണങ്ങളുള്ളവർ മാസ്ക് ഉപയോഗിക്കുക.
- രോഗബാധിത രാജ്യങ്ങളിൽ നിന്നും വന്നവരും രോഗലക്ഷണങ്ങൾ ഉള്ളവരും പൊതുജന സമ്പർക്കം ഒഴിവാക്കുക.
- രോഗബാധിത രാജ്യങ്ങളിലേക്കുള്ള യാത്ര ഒഴിവാക്കുക.
- മത്സ്യ-മാംസാദികൾ നന്നായി പാകം ചെയ്ത് ഉപയോഗിക്കുക.

9. **രോഗലക്ഷണങ്ങളുള്ളവർ കൺട്രോൾ റൂമുമായി ബന്ധപ്പെട്ട് അവിടത്തെ നിർദ്ദേശമനുസരിച്ച് ചികിത്സ തേടേണ്ടതാണ്.**

10. **കൊറോണ രോഗത്തെക്കുറിച്ച് കൂടുതൽ അറിയാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുമായി ബന്ധപ്പെടുക.**



ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) തൃശൂർ
ആരോഗ്യകേരളം, തൃശൂർ

**കൺട്രോൾ സെൽ**

**ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) തൃശൂർ**
**ഫോൺ: 0487 - 2320466**

**ഗവൺമെന്റ് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, തൃശൂർ**
**Ph: 8547873420**
**കളക്ട്രേറ്റ്, തൃശൂർ: 0487 2362424, 9447074424** | Toll Free No: 1077